# നീര ടെക്നീഷ്യന് മാസവരുമാനം നാല്പത്തിഒരായിരം രൂപ

**കൊച്ചി:** സംസ്ഥാനത്ത് നീര ടെക്നീഷ്യന്മാരുടെ ആവശ്യകത ഉയരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയുടെ നീര ടെക്നീഷ്യൻ നാല്പത്തിഒരായിരം രൂപയാണ് കഴിഞ്ഞ മാസം പ്രതിഫലമായി വാങ്ങിയത്. നാളികേര വികസന ബോർഡിന്റെ നീര ടെക്നീഷ്യൻ ട്രെയിനിംഗ് പൂർത്തിയാക്കിയ പ്രവീൺ 10 തെങ്ങിൽ നിന്നും നീര ചെത്തിയാണ് ഈ നേട്ടം കൈവരിച്ചത്. പ്രവീണിന്റെ ഈ നേട്ടം എല്ലാവർക്കും മാതൃകയാണെന്നും പ്രാവീണ്യം നേടിയ നീര ടെക്നീഷ്യന്മാർ 30,000 രൂപയിലേറെ വരുമാനം നേടുന്നതായും കൊല്ലം കൈപ്പുഴ കമ്പനി ചെയർമാൻ ഷാജഹാൻ പറഞ്ഞു. മൈനാഗപ്പിള്ളി മണ്ണൂർക്കാവ് സ്വദേശിയായ പ്രവീൺ കഴിഞ്ഞ വർഷം വരെ കല്പണിയും പെയിന്റിംങ് ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ചെറുപ്പക്കാരനാണ്. കൊല്ലം കൈപ്പുഴ നാളികേര ഉത്പാദന കമ്പനിയുടെ കീഴിൽ രണ്ടാം ബാച്ചിലാണ് പ്ലസ്ടുവരെ പഠിച്ച 24 കാരനായ പ്രവീൺ നീര ടെക്നീഷ്യനായി പരിശീലനം നേടിയത്. ട്രെയിനിംഗ് കാലയളവിലും ജോലിക്കു ചേർന്ന ശേഷവും മാസ്റ്റർ ടെക്നീഷ്യന്റെയും സൂപ്പർവൈസറുടെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിരുന്ന പ്രവീണിന്റെ അർപ്പണ മനോഭാവവും ആത്മാർത്ഥതയുമാണ് തെങ്ങുകയറ്റത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാതിരുന്നിട്ടും തുടക്കത്തിൽ തന്നെ ജോലിയിൽ മികവു പുലർത്താനായത് എന്ന് മാസ്റ്റർ ടെക്നീഷ്യൻ അനിൽ അഭിപ്രായപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ ഏകദേശം 25,000 നീര ടെക്നീഷ്യന്മാരുടെ ആവശ്യകതയാണ് സംസ്ഥാനത്തുള്ളത്. നീര ടെക്നീഷ്യന്മാർക്ക് പതിനായിരം രൂപ സബ്സിഡി നൽകുന്നതിനായി ബഡ്ജറ്റിൽ 10 കോടി രൂപ നീക്കി വെച്ചിട്ടുണ്ടെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. കൂടുതൽ യുവതീ യുവാക്കൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിന് പ്രവീണിന്റെ ഈ നേട്ടം പ്രചോദനമാകും.